<u>ഭരണഭാഷ മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
വികാസ്ഭവൻ, തിരുവനന്തപുരം.
**(ഹാജർ:സജീവ്.പി.പി)**

വിഷയം:- ഡിഇഎസ്-വിജിലൻസ്, അടൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ശ്രീ. കെ. സുഷ്യത്ത്, ഔദ്യോഗിക കൃത്യ നിർവഹണത്തിൽ വീഴ്ച വരുത്തിയത് - സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 06/01/2023 - ലെ ബി1-23/2023/ഡിഇപിറ്റി(3) നമ്പർ കത്ത്.
2. ഈ ഓഫീസിലെ ഇ.എ.ആർ.എ.എസ് ജോയിന്റ് ഡയറക്ടറുടെ 07/12/2022 - ലെ പരിശോധനാ റിപ്പോർട്ട്.

**<u>ഉത്തരവ് നമ്പർ. DES/67/2023-VIG , തീയതി.16/01/2023</u>**

അടൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ 31/12/2022 - ന് രാവിലെ 10.20 - മണിക്ക് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ സന്ദർശനം നടത്തിയ സമയത്ത് പ്രസ്തുത ഓഫീസിൽ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ഹാജരായിരുന്നില്ല. മാസാന്ത്യ അവലോകന യോഗം നടത്തേണ്ടുന്ന ദിവസം (31/12/2022-ന്) താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ഓഫീസിൽ ഹാജരായി മാസാന്ത്യ യോഗം യഥാവിധി നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിരുന്നില്ല. ടിയാന്റെ ഫോണിൽ പലതവണ ബന്ധപ്പെട്ടപ്പോഴും പ്രതികരണമുണ്ടായില്ല. ഓഫീസിലുണ്ടായിരുന്ന മറ്റ് ജീവനക്കാരോട് മാസാന്ത്യ യോഗത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ പ്രസ്തുത യോഗം 30/12/2022 തീയതിയിൽ നടത്തപ്പെട്ടു എന്ന മറുപടിയാണ് ലഭിച്ചത് . എന്നാൽ യോഗത്തിന്റെ മിനിട്സും , പുരോഗതി റിപ്പോർട്ടും ഹാജരാക്കാൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർക്ക് കഴിഞ്ഞിട്ടില്ല. മാസാന്ത്യ യോഗം മാറ്റി വെച്ചതായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ഫോൺ മുഖാന്തരമോ, രേഖാമൂലമോ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടില്ല എന്നീ വിവരങ്ങളും , കാർഷിക സെൻസസിന്റെ താലൂക്ക്തല ഉദ്ഘാടന ദിവസം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ ഹാജരായിരുന്നില്ല എന്ന വിവരവും പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പന്തളം മുനിസിപ്പാലിറ്റി സോണിന്റെ ചുമതലയുണ്ടായിരുന്ന ഇൻവെസ്റ്റിഗേറ്റർമാർ ഓഫീസിൽ നിന്നും മാറിപ്പോകാത്ത സാഹചര്യത്തിലും, ഒരു സീസണിൽത്തന്നെ പ്രസ്തുത സോണിൽ മൂന്ന് ഇൻവെസ്റ്റിഗേറ്റർമാരെ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറായ ശ്രീ. കെ.

സുഷ്യത്ത് ജോലിക്ക് മാറ്റി മാറ്റി നിയമിച്ചതായും, ഓഫീസിൽ കൃത്യമായി സൂക്ഷിക്കേണ്ട ഫാറം 5 ശരിയായി സൂക്ഷിച്ചിരുന്നില്ലെന്നും, ഇൻവെസ്റ്റിഗേറ്റർമാരുടെ മുൻകൂർ യാത്രാ പരിപാടി യഥാസമയം അംഗീകരിച്ച് നൽകിയിട്ടില്ലെന്നും പരാമർശം (2) പ്രകാരം ഇ.എ.ആർ.എ.എസ് ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ.കെ. സുഷ്യത്ത്, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ സർക്കാർ ജീവനക്കാരിൽ നിക്ഷിപ്തമായ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു . ആയത് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ട ലംഘനവും , അച്ചടക്ക നടപടിക്ക് യോഗ്യവുമാണ്. ടി സാഹചര്യത്തിൽ ജോലിയിൽ വീഴ്ച വരുത്തിയതിന് ടിയാനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത് കൊണ്ട് ഉത്തരവാകുന്നു.

ശ്രീ.കെ. സുഷ്യത്തിന് നിയമാനുസൃതമായ ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

Signature valid
Digitally signed by Sajeevu P P
Date: 2023.01.16 13:11:11 IST
Reason: Approved

**DIRECTOR**

ശ്രീ. സുഷ്യത്ത്.കെ
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ
(പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ്:

1. ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സി.എ
2. അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, പത്തനംതിട്ട
4. ജീവനക്കാര്യ വിഭാഗം / ഫയൽ / കരുതൽ ഫയൽ

.